**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6003** **19.11.2019-ൽ മറുപടിക്ക്**

**സഹകരണ ബാങ്കുകളുടെ പണമിടപാടിൽ നിയന്ത്രണങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | |
|---|---|
| സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പണമിടപാടിന് ആദായ നികുതി വകുപ്പ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ഉണ്ട്. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്ന താണെന്ന് 1961 ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80(പി) (2) ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായനികുതി ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആദായനികുതി നിയമത്തിൽ നിലവിലുള്ള 269SS, 269ST, 269T എന്നീ വകുപ്പുകളും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ദോഷകരമാണ്. 269ST പ്രകാരം ഒരാൾക്ക് ഒരു ദിവസം രണ്ട് ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകാനോ കഴിയുകയുള്ളൂ. 269SS, 269T പ്രകാരം 20,000/- രൂപയിൽ കൂടുതൽ ഒരാൾക്ക് നിക്ഷേപമായോ വായ്പയായോ രൊക്കം പണം സ്വീകരിക്കുവാനോ നൽകാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് |

| | |
|---|---|
| | ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 02.07.2018 ലും 17.08.2019 ലും 11.10.2019 ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പ് മന്ത്രി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**